# 76. ചരിത്രത്തിലേക്കു പുതിയ വെളിച്ചം

പ്രാചീന ഭാരതത്തിൻെറ ചരിത്രം എഴുതുന്നതിനു നേരിട്ട് ഉപകരിക്കുന്ന രേഖകൾ കുറവാണ്. ഗ്രീക്കുകാർക്കു് ഒരു ഹെറോഡോട്ടസ് ഉണ്ടായിരുന്നു; തത്തുല്യനായ ഒരു ചരിത്രകാരൻ ഇന്ത്യക്കാർക്കു് ഉണ്ടായിരുന്നില്ല. പുരാണങ്ങളിലും ഇതിഹാസങ്ങളിലും വളരെയധികം വംശാവലികൾ ഉണ്ടു്; പക്ഷേ, അവയിൽ സത്യമെത്ര, സങ്കല്പം എത്ര എന്നു വേർതിരിച്ചറിയാൻ പ്രയാസം. മനുഷ്യരെ കീർത്തിക്കുന്നതിൽ ഇന്ത്യക്കാരായ എഴുത്തുകാർ പൊതുവെ വിമുഖർ ആയിരുന്നു. ദിവ്യരോ, അർദ്ധദിവ്യരോ ആയ ആദർശകഥാപാത്രങ്ങളോടായിരുന്നു ഇന്ത്യൻ എഴുത്തുകാർക്കു് ഇഷ്ടം. കൃതികളിൽ തങ്ങളുടെ ചരിത്രം കുറിച്ചിടാനും ഭാരതീയ ഗ്രന്ഥകാരന്മാർ തല്പരരായിരുന്നില്ല. ഭാരതീയകവികളിൽ പ്രമുഖനെന്നു് എല്ലാവരും സമ്മതിക്കുന്ന കാളിദാസൻ, ആ പേർ ഒഴികെ തന്നെ സംബന്ധിക്കുന്ന ഒരു വിവരവും സ്വന്തം കൃതികളിൽ രേഖപ്പെടുത്തിയിട്ടില്ല. കൃതികളിൽ, അവ രചിച്ച കാലം രേഖപ്പെടുത്തുന്ന സമ്പ്രദായവും പ്രായേണ അജ്ഞാതമായിരുന്നു.

ആയുർവേദത്തിൻെറ പ്രധാന പാഠപുസ്തകമായി എത്രയോ ശതാബ്ദങ്ങളോളം ആദരിക്കപ്പെട്ടുപോന്ന 'അഷ്ടാംഗഹൃദയ'ത്തിൽ ആയുർവേദശാസ്ത്രത്തിൻെറ ചരിത്രം വിവരിക്കുന്നതു് ഇങ്ങനെയാണ്: 'ബ്രഹ്മാവു് ആയുർവേദം സ്മരിക്കുകയും പ്രജാപതിയെ അതു പഠിപ്പിക്കുകയും ചെയ്തു. പ്രജാപതി രണ്ടു് അശ്വിനീദേവന്മാരെയും അശ്വിനീദേവന്മാർ ഇന്ദ്രനെയും, ഇന്ദ്രൻ ആത്രേയാദി മുനിമാരെയും ആയുർവേദം പഠിപ്പിച്ചു. ആത്രേയാദികൾ അഗ്നിവേശാദികളെ പഠിപ്പിച്ചു. അവർ വേവ്വേറെ ശാസ്ത്രഗ്രന്ഥങ്ങൾ എഴുതി. ഈ ഗ്രന്ഥങ്ങളിൽനിന്നു സാരം സംഗ്രഹിച്ചു രചിച്ചതാണ്' 'അഷ്ടാംഗ ഹൃദയം'. ഈ വിവരണത്തിലെ ബ്രഹ്മാവും പ്രജാപതിയും അശ്വിനീദേവന്മാരും ഇന്ദ്രനും ദേവന്മാർ ആണ്; ആത്രേയാദികൾ അർദ്ധദിവ്യരും. യഥാർത്ഥ മനുഷ്യരായിത്തോന്നുന്നതു് അഗ്നിവേശാദികൾ മാത്രം. അവരെപ്പററി നമുക്കു് ഒന്നും അറിഞ്ഞുകൂടാ. അഷ്ടാംഗഹൃദയകർത്താവു് ബുദ്ധമതക്കാരനായിരുന്നു എന്നും ഓർമിക്കുക. ഹിന്ദുവായാലും ബൗദ്ധനായാലും ജൈനനായാലും, പൊതുവേ ഭാരതീയർ നാം ഇന്നു് അറിയുന്ന അർത്ഥത്തിലുള്ള ചരിത്രത്തിൽ തല്പരരായിരുന്നില്ല.

ചരിത്രത്തിൽ തല്പരരായ ഏതാനും മറുനാട്ടുകാരുടെ കൃതികൾ ഇന്ത്യാചരിത്രരചനയിൽ വളരെയധികം ഉപകരിച്ചിട്ടുണ്ടു്. ഫാഹ്സിയേൻ (ഫാഹിയൻ), സുങ്യുൻ, ഹ്സ്യുവാൻ ത്സാങ് (യുവാൻ ച്വാങ്), ഇത്സിങ് എന്നീ ചൈനാക്കാരായ ബൗദ്ധ ഭിക്ഷുക്കൾ ക്രിസ്തുവർഷം 400—നും 700—നും ഇടയിൽ ഇന്ത്യ സന്ദർശിച്ചിരുന്നു. ഇന്ത്യയിൽ ജീവിച്ചിരുന്ന ബുദ്ധമതാചാര്യന്മാരുടെ അടുത്തും, പ്രവർത്തിച്ചിരുന്ന ബൗദ്ധസർവകലാശാലകളിലും, വിദ്യാഭ്യാസം നേടുകയും സംസ്കൃതത്തിലും പാലിയിലുമുള്ള ബൗദ്ധഗ്രന്ഥങ്ങൾ പകർത്തിയെടുക്കുകയുമായിരുന്നു ഈ സഞ്ചാരികളുടെ ലക്ഷ്യം. ഇന്ത്യയിലെ തങ്ങളുടെ സഞ്ചാരത്തെപ്പററി ഇവരെല്ലാം ചൈനീസ് ഭാഷയിൽ പിന്നീടു ഗ്രന്ഥങ്ങൾ നിർമിച്ചു. ഈ ഗ്രന്ഥങ്ങളിലെ പല പ്രസ്താവങ്ങളും അതാതു കാലത്തെ ഇന്ത്യയുടെ ചരിത്രം പുനർസൃഷ്ടിക്കുന്നതിനു ഗണ്യമായ സഹായം പില്ക്കാല ചരിത്രകാരന്മാർക്കു നല്കിയിട്ടുണ്ടു്. പല ഭാരതീയ ഗ്രന്ഥകാരന്മാരുടെയും ഭാരതീയ

മഹാപുരുഷന്മാരുടെയും കാലപൗർവാപര്യം നിർണയിക്കുന്നതിനും ഇവരുടെ പ്രസ്താവനകൾ ഉപകരിച്ചിട്ടുണ്ട്. ഈ യാത്രക്കാരിൽ ഏററവും പ്രശസ്തൻ ഹ്സ്യുവാൻ ത്സാങ് (യുവാൻ ചുവാങ്) ആകുന്നു. ക്രിസ്തുവർഷം 606—ൽ ഭരണം ആരംഭിച്ച സ്ഥാണീശ്വരത്തിലെ ഹർഷവർദ്ധന ചക്രവർത്തിയെപ്പററി നമുക്ക് ഇന്നുള്ള അറിവിനു്, ഹർഷവർദ്ധനൻെറ ജീവചരിത്രം സംസ്കൃതത്തിലെഴുതിയ അദ്ദേഹത്തിൻെറ ആസ്ഥാന കവിയായിരുന്ന, ബാണഭട്ടനോടെന്നപോലെ ഹ്സ്യുവാൻ ത്സാങ്ങിനോടും നാം കടപ്പെട്ടിരിക്കുന്നു. 'സിയുകി' എന്ന ഹ്സ്യുവാൻ ത്സാങ്ങിൻെറ യാത്രാവിവരണം, ക്രിസ്തുവർഷം ഏഴാം നൂററാണ്ടിലെ ഇന്ത്യാചരിത്രം രചിക്കുന്നവർ നിർബന്ധമായും വായിച്ചിരിക്കണം.

ഇതുപോലെ, ക്രിസ്തുവർഷം 11—ാം ശതകത്തിൻെറ ആരംഭത്തിൽ ഗസ്നി മുഹമ്മദിൻെറ ആക്രമണകാലത്തുള്ള ഇന്ത്യയെ സംബന്ധിച്ച വിവരണങ്ങൾക്ക നാം അൽബിറൂണി എന്ന ഖൊറാസാൻകാരനായ പണ്ഡിതൻെറ 'തഹ്കീക്—ഈ—ഹിന്ദ്' എന്ന ഗ്രന്ഥത്തോടു കടപ്പെട്ടിരിക്കുന്നു. മുഹമ്മദിൻെറ കല്പനപ്രകാരം പത്തു വർഷം ഇന്ത്യയിൽ താമസിച്ചാണ് ഈ മദ്ധ്യേഷ്യൻ പണ്ഡിതൻ തൻെറ ഗ്രന്ഥം രചിച്ചതു്.

സമ്പദ്സമൃദ്ധിയിലും വിജ്ഞാനസമൃദ്ധിയിലും ഇന്ത്യ ലോകത്തിലെ മററു രാജ്യങ്ങൾക്ക വഴികാട്ടിയിരുന്ന ഒരു കാലഘട്ടത്തെപ്പററിയാണ് ഹ്സ്യുവാൻ ത്സാങ് പറയുന്നതു്. നാലു നൂററാണ്ടുകൾ കഴിഞ്ഞു വന്ന അൽബിറൂണിയാകട്ടെ, ബുദ്ധിപരമായി ഏററവും അധഃപതിച്ച ഒരു ജനതയെയാണ് ഇന്ത്യയിൽ കണ്ടതു്. അൽബിറൂണി എഴുതി:

'തങ്ങളുടേതുപോലെ മറെറാരു രാജ്യവും, തങ്ങളെപ്പോലെ മറെറാരു ജനതയും, തങ്ങളുടേതുപോലെ മറെറാരു രാജാവും, തങ്ങളുടേതുപോലെ മറെറാരു മതവും, തങ്ങളുടേതുപോലെ മറെറാരു വിജ്ഞാനവുമില്ലെന്നു് ഇന്ത്യക്കാർ വിശ്വസിക്കുന്നു. തങ്ങൾക്ക് അറിയാവുന്നതു് അന്യർക്ക പറഞ്ഞുകൊടുക്കുവാൻ അവർക്ക വലിയ മടിയാണ്. തങ്ങളുടെ ഇടയിലെ മററു ജാതിക്കാരിൽനിന്നും, അതിലേറെ വിദേശികളിൽനിന്നും, തങ്ങളുടെ അറിവ് അവർ മറച്ചുവയ്ക്കുന്നു.'

ഇങ്ങനെ ഇന്ത്യക്കാർ മറച്ചുവയ്ക്കുന്ന അറിവ് ഏതു വിധത്തിലുള്ളതാണ്? അൽബിറൂണി എഴുതി:

'അവർക്ക് ആകെയൊരു പരിഭ്രമമാണ്. യുക്തിപരമായ ഒരു ക്രമവും അവരുടെ വിജ്ഞാനത്തിനു് ഇല്ല. ബഹുജനങ്ങളുടെ മൂഢവിശ്വാസങ്ങളുമായി ഈ വിജ്ഞാനം കലർന്നുകിടക്കുന്നു. മുത്തുകളും പുളിയിന്തപ്പഴങ്ങളും കൂടിച്ചേർന്നതിനോടോ, മുത്തുകളും ചാണകവും കൂടിക്കുഴഞ്ഞതിനോടോ, രത്നങ്ങളുടെയും ചരൽക്കല്ലുകളുടെയും കലർപ്പിനോടോ, മാത്രമേ അവരുടെ ഗണിതത്തെയും ജ്യോതിഷത്തെയും ഉപമിക്കാൻ എനിക്ക കഴിയൂ. ചാണകവും മുത്തും അവരുടെ ദൃഷ്ടിയിൽ തുല്യമാണ്; കാരണം, തികച്ചും ശാസ്ത്രീയമായ യുക്തിചിന്താപദ്ധതിയിലേക്ക് ഉയരാൻ അവർക്ക കഴിവില്ല.'

ഹ്സ്യുവാൻ ത്സാങ് വർണിച്ച കാലത്തിനുശേഷം, അൽബിറൂണി വർണിച്ച കാലത്തിലെത്തുംമുമ്പ്, ക്രിസ്തുവർഷം 8—ാം ശതകത്തിൽ, മദ്ധ്യഭാരതം സന്ദർശിച്ച ഒരു കൊറിയക്കാരൻെറ കൃതി ഇപ്പോൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഹ്യേചോ (Hyecho) എന്ന ഈ ബൗദ്ധസന്ന്യാസി എഴുതിയ 'മദ്ധ്യഭാരതയാത്ര' (A Passage to Central India) ആണ് ഈ കൃതി. ആറായിരം വാക്കുകൾ അടങ്ങിയ ഇതിൻെറ കൈയെഴുത്തുപ്രതി, ഫ്രഞ്ചുകാരനായ പി. പെല്ലിയോ (P. Pelliot) 1908—ൽ ചൈനയിൽനിന്നു കണ്ടെടുത്തതാണ്. ഈ കൃതി ആധികാരികമാണെന്നു് ഈയിടെ പണ്ഡിതന്മാർ തീരുമാനിക്കുകയുണ്ടായി. ഇപ്പോൾ

കൊറിയയിലെ സിയൂരംനഗരത്തിൽ പാർത്തു് ബൗദ്ധഗ്രന്ഥങ്ങരം പരിശോധിക്കുന്ന കാലിഫോർണിയ യൂണിവേഴ്സിററിയിലെ പ്രൊഫ. ഐ. ആർ. ലങ്കാസ്റ്റർ പറയുന്നതു് 'പ്രസിദ്ധരായ രണ്ടു ബൗദ്ധ സഞ്ചാരികരംക്കു(ഫാഹ്സിയേനും ഹ്സ്യുവാൻ ത്സാങ്ങിനും)ശേഷം, വിദേശീയാക്രമണംകൊണ്ടു കലങ്ങിമറിഞ്ഞിരുന്ന ഇന്ത്യ സന്ദർശിച്ചു മടങ്ങിപ്പോന്ന ഏക വിദേശസഞ്ചാരി ഒരുപക്ഷേ, ഹേ്യചോ ആയിരിക്കണം' എന്നാണു്. ഈ കൃതി ചൈനീസ് ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു. കൊറിയ ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷൻ അടുത്ത കാലത്തു് ഈ കൃതി ഫിലിംചെയ്തിട്ടുണ്ടത്രേ. വരുന്ന സെപ്റ്റംബറിൽ ഈ ഫിലിം ടെലിവിഷനിൽ പ്രദർശിപ്പിക്കുന്നതാണെന്നും അറിയുന്നു.

ജൂലൈ 5–ാം തീയതി സിയൂളിൽനിന്നയച്ചതും ജൂലൈ 6–ാം തീയതിയിലെ 'ഹിന്ദു'വിൽ പ്രസിദ്ധീകരിച്ചതുമായ ഒരു വാർത്തയാണു് എന്റെ ഈ കുറിപ്പിനു് ആധാരം.

താൻ സന്ദർശിക്കുന്നകാലത്തു് ഇന്ത്യയിൽ കുററവാളികരംക്കു വധശിക്ഷ നൽകിയിരുന്നില്ലെന്നു് ഹേ്യചോ പ്രസ്താവിച്ചിട്ടുണ്ടത്രേ. കുററക്കാരെ ചമ്മട്ടികൊണ്ടു് അടിക്കുകയോ മററു തരത്തിലുള്ള ദേഹദണ്ഡനങ്ങരം ഏല്പിക്കുകയോചെയ്തിരുന്നില്ല. പിഴ ഈടാക്കുകമാത്രമായിരുന്നു അന്നത്തെ ശിക്ഷ. മധ്യഭാരതത്തിൽ അന്നു പ്രചാരത്തിലിരുന്ന ബുദ്ധമതത്തിന്റെ സ്വാധീനമാവാം ശിക്ഷയുടെ ഈ അഹിംസാത്മകസ്വഭാവത്തിനു കാരണം.

ഇന്ത്യയിലെ പൗരന്മാരിൽനിന്നു നിലംനികുതിയോ, ആദായനികുതിയോ വസൂലാക്കിയിരുന്നില്ലെന്നും ഹേ്യചോ പറയുന്നുണ്ടു്. പക്ഷേ, പൗരന്മാർ രാജാവിനു് ആറു പെട്ടി (പറ?) ധാന്യം വീതം നൽകണമായിരുന്നു. ഇതു ജനങ്ങരം കോവിലകത്തു കൊണ്ടു കൊടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. ഈ 'പാട്ടം' വാങ്ങിക്കൊണ്ടുപോകാനുള്ള ഏർപ്പാടു് രാജാവുതന്നെ ചെയ്തിരുന്നുവത്രേ.

ഹിന്ദു ധാരണയനുസരിച്ചു്, ഉല്പന്നത്തിന്റെ ആറിലൊന്നു മാത്രമേ രാജാവിനു് അവകാശപ്പെട്ടിരുന്നുള്ളു എന്നു് ഓർക്കുക.

ഇന്നു നിങ്ങളുടെ വരുമാനത്തിന്റെ എത്ര ഭാഗമാണു നേരിട്ടുള്ള നികുതികളായും, നേരിട്ടല്ലാതുള്ള നികുതികളായും നിങ്ങരം സർക്കാരിനു നൽകുന്നതു് എന്നു കണക്കുകൂട്ടി നോക്കിയിട്ടുണ്ടോ?

(9 ജൂലൈ, 1983)

# 77. ഹേ്യചോവിന്റെ മധ്യഭാരതയാത്ര

ക്രിസ്തുവർഷം ഏഴാം ശതകത്തിന്റെ പൂർവാർദ്ധത്തിൽ കാന്യകുബ്ജം (കനൗജ്) ആസ്ഥാനമാക്കി ഉത്തരേന്ത്യ ഭരിച്ച ഹർഷവർദ്ധനചക്രവർത്തിക്കും പതിനൊന്നാം ശതകത്തിന്റെ ആരംഭത്തിൽ ഇന്ത്യ ആക്രമിച്ച ഗസ്നിയിലെ മഹമ്മദിനും ഇടയ്ക്കുള്ള ഏറെക്കുറെ അന്ധകാരാവൃതമായ ഇന്ത്യയുടെ ചരിത്രത്തിലേക്കു വെളിച്ചംവീശുന്ന ഒരു കൃതിയെപ്പററി 'കലാലയ'ത്തിന്റെ ഓഗസ്റ്റ് 7–ാം തീയതിയിലെ ലക്കത്തിൽ ഇതേ പംക്തിയിൽ എഴുതിയിരുന്നു. ക്രിസ്തുവർഷം എട്ടാം ശതകത്തിൽ ഇന്ത്യ സന്ദർശിച്ച ഹേ്യചോ (Hyecho) എന്ന കൊറിയക്കാരനായ ബൗദ്ധസന്ന്യാസി എഴുതിയതും, ഫ്രഞ്ചുകാരനായ പി.പെല്ലിയോ(P.Pelliot) 1908–ൽ ചൈനയിൽനിന്നു കണ്ടെടുത്തതുമായ 'മധ്യഭാരത യാത്ര'